

ബറോഡ യൂനിവേഴ്സിറ്റിയിലെ മോഡലറായ കാന്തിലാൽ ഐ. പർമാൻെറ നേതൃത്വത്തിൽ കോട്ടപ്പുറം കോട്ടയിലെ അസ്ഥികൂടം പുറത്തെടുക്കുന്നു

# കോട്ടപ്പുറം ഉത്ഖനനത്തിൽ കണ്ടെത്തിയ നൂറ്റാണ്ട് പഴക്കമുള്ള അസ്ഥികൂടം പുറത്തെടുത്തു

മേത്തല: മുസ്രിസ് പൈതൃക പദ്ധതിയുമായി ബന്ധപ്പെട്ട് കോട്ടപ്പുറം കോട്ടയിൽ നടന്ന ഉത്ഖനനത്തിൽ കണ്ടെത്തിയ നൂറ്റാണ്ട് പഴക്കമുള്ള അസ്ഥികൂടം പുറത്തെടുത്തു. പോർചുഗീസ് കാലഘട്ടത്തിൻെറ അവസാനം ഉള്ളതെന്ന് കരുതുന്ന അസ്ഥികൂടം രണ്ട് ദിവസം നീണ്ട ശ്രമങ്ങളെത്തുടർന്നാണ് കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ നിന്ന് പുറത്തെടുത്തത്. ബറോഡ യൂനിവേഴ്സിറ്റി ആർക്കിയോളജി പ്രഫസർമാരായ ഡോ. കെ. കൃഷ്ണൻ, പ്രതാപചന്ദ്രൻ എന്നിവരുടെ ശ്രമഫലമായി എത്തിയ പ്രശസ്ത മോഡലർ കാന്തിലാൽ ഐ. പർമാൻെറ നേതൃത്വത്തിലാണ് അസ്ഥികൂടം കേടുകൂടാതെ പുറത്തെടുത്തത്.

പുരാവസ്തു വകുപ്പ് കൺസൽട്ടൻറ് ഡോ. എസ്. ഹേമചന്ദ്രൻ, ഡോക്യുമെൻേറഷൻ ഓഫിസർ ബി. ബാലമോഹനൻ, മോഹനചന്ദ്രൻ, മാനേജർ അബ്ദുൽ ഹക്കീം, ഗവേഷണ വിദ്യാർഥികളായ സ്മിത എസ്. കുമാർ, റീമ, സിറിയക്ക് ജോസ്, മിഥുൻ, അരുൺ, ഫോട്ടോഗ്രാഫർ മുഹമ്മദ് തുടങ്ങിയവരും പങ്കെടുത്തു.

ആറുമാസം മുമ്പാണ് അസ്ഥികൂടം കണ്ടെത്തിയത്. നീളംകൂടിയ കെട്ടിടത്തിൻെറ അസ്ഥിവാരം കണ്ടെത്താനുള്ള പരിശോധനയിലാണ് അസ്ഥികൂടം കണ്ടെത്തിയത്. കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ ഉൾപ്പെട്ടതിനാലാണ് ഇത്ര കാലം ഇത് നശിക്കാതിരുന്നതെന്നാണ് വിലയിരുത്തൽ. ഇതിന് സമീപത്തായി ഏതാനും കല്ലറകളും കണ്ടെത്തിയിട്ടുണ്ട്. ഇത് പുറത്തെടുക്കാൻ ശ്രമം ആരംഭിച്ചെങ്കിലും മഴ കനത്തത് തടസ്സമായി.

അസ്ഥികൂടം അതേമണ്ണിൽ വെച്ച് പ്ലാസ്റ്റർ ഓഫ് പാരീസ് പൊതിഞ്ഞ് ബലപ്പെടുത്തിയാണ് സംരക്ഷിച്ചെടുത്തത്. എൻബ്ലോക്ക് എന്നറിയപ്പെടുന്ന സമ്പ്രദായത്തിൽ രാസവസ്തുക്കൾ ഉപയോഗിക്കാതെയാണ് അസ്ഥികൂടം സംരക്ഷിച്ചത്. 154 സെ.മീ നീളമുള്ള അസ്ഥികൂടത്തെ 60 സെ.മീ വീതിയിലും 188 സെ.മീ. നീളവുമുള്ള എൻബ്ലോക്കാക്കിയാണ് മാറ്റിയത്. ഇത് അടുത്തദിവസം ക്യാമ്പ് ഓഫിസിലേക്ക് മാറ്റും. കോട്ടപ്പുറം കോട്ടയെ സംബന്ധിച്ച് സ്ഥാപിക്കുന്ന മ്യൂസിയത്തിൽ ഇത് സ്ഥാനം പിടിക്കും.

പോർചുഗീസ് കാലത്തിന് മുമ്പുള്ള ജീവിതരീതി മനസ്സിലാക്കാൻ ഉപകരിക്കുന്ന മൺപാത്ര കഷണങ്ങൾ, മുത്തുകൾ, ഗ്ലാസുകൾ എന്നിവ ഉത്ഖനനത്തിൽ ലഭിച്ചതായി ആർക്കിയോളജിക്കൽ കൺസൽട്ടൻറ് ഡോ. എസ്. ഹേമചന്ദ്രൻ 'മാധ്യമ'ത്തോട് പറഞ്ഞു.